LIBRARY ARCHIVES Kerala Legislative Assembly

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

*15 [105] ശ്രീ. കെ. കെ. ഷാജു:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിമ്മിൽ ധാരണാ പത്രം ഒപ്പിട്ട എത്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ എത്ര കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്ത് ഉണ്ടായെന്ന് വെളിപ്പെടുത്താമോ;

(സി) ഇതുമൂലം എത്ര പേർക്ക് കൂടുതലായി തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനിയും ആരംഭിക്കുവാൻ സാദ്ധ്യതയുള്ള സ്ഥാപനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ജിമ്മിൽ ധാരണാപത്രം ഒപ്പുവച്ച 11 സംരംഭങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ഇതിലൂടെ 121.25 കോടി രൂപയുടെ മുതൽമുടക്ക് സംസ്ഥാനത്തുണ്ടായിട്ടുണ്ട്.

(സി) 857 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

വിഴിഞ്ഞം തുറമുഖത്ത് ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ

*16 [106] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്ത് ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.